## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2179 — 01.02.2018 ൽ മറുപടിയ്ക്ക്

### ശബരി ബ്രാന്റ് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സ്പ്ലൈസ് കോർപ്പറേഷൻ വിൽപ്പന നടത്തുന്ന ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ ഉൽപ്പാദിപ്പിച്ച് നേരിട്ട് പായ്ക്ക് ചെയ്ത് വിപണനം ചെയ്യുന്നതാണോ; അതോ മറ്റാരെയെങ്കിലും ഇതിനായി കരാർ നൽകി നിയമിച്ചിട്ടുണ്ടോ; | (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന നടത്തുന്ന ശബരി തേയില ഒഴികെയുളള ഉൽപ്പന്നങ്ങൾ ഇ-ടെൻഡർ മുഖാന്തിരം യോഗ്യരായ സപ്ലയർമാർക്ക് കരാർ നൽകിയാണ് വിപണനം നടത്തുന്നത്. |
| (ബി) ഇതിനായി മറ്റ് ഏതെങ്കിലും ഏജൻസിയെ ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) ഔട്ട്സോഴ്സ് ചെയ്തിട്ടില്ല. |
| (സി) സപ്ലൈകോ വിൽപ്പന നടത്തുന്ന ശബരി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ടെൻഡർ നടപടികളുടെ ഭാഗമായി കരാറുകാരുടെ ഉൽപ്പാദന കേന്ദ്രങ്ങളിലും നാഷണൽ അക്രിഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻറ് കാലിബ്രിറ്റേഷൻ ലാബോറട്ടറി (NABL) യുടെ അംഗീകാരമുളള ലാബോറട്ടറികളിലും ഗുണനിലവാര പരിശോധന നടത്തുന്നു. |
| (ഡി) ഗുണമേന്മാ സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം മാത്രമാണോ സപ്ലൈകോ ഇത്തരം ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നത്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) NABL അംഗീകാരമുളള ലാബോറട്ടറികളിൽ നിന്നുമുളള ഗുണമേന്മാ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷമാണ് ശബരി ഉൽപ്പന്നങ്ങൾ സപ്ലൈകോ വിപണിയിൽ എത്തിക്കുന്നത്. |
| (ഇ) ശബരി ഉല്പന്നങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് എപ്പോഴെങ്കിലും 'ഭക്ഷ്യയോഗ്യമല്ല' എന്ന സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ; അപ്രകാരം ഭക്ഷ്യയോഗ്യമല്ലാത്ത ഉല്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ടോ; | (ഇ) ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | സിവിൽ സപ്ലൈസ് വകുപ്പ് വില്പന നടത്തുന്ന എല്ലാ സാധനങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എഫ്) | നാഷണൽ അക്രിഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻറ് കാലിബ്രിറ്റേഷൻ ലാബോറട്ടറി (NABL) യുടെ അംഗീകാരമുള്ള ലാബോറട്ടറികളിൽ ഉൽപ്പന്നങ്ങൾ പരിശോധന നടത്തിയതിനുശേഷമാണ് സപ്ലൈകോ അനുശാസിക്കുന്ന തരത്തിലുള്ള ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കരാറുകാർ വിതരണം ചെയ്യുന്നത്. ഗുണനിലവാരം സംബന്ധിച്ച് എന്തെങ്കിലും വ്യതിയാനം കണ്ടുപിടിച്ചാൽ പ്രസ്തുത സ്റ്റോക്ക് പിൻവലിക്കുന്നതിനും ശിക്ഷാ നടപടികൾ എടുക്കുന്നതിനും പ്രസ്തുത കരാർ അവസാനിപ്പിച്ച് പുതിയ ടെൻഡർ വിളിക്കുന്നതിനുള്ള വ്യവസ്ഥകൾ കരാറിൽ നിലവിലുണ്ട്. നിർമ്മാണത്തിന്റെ ഏതു ഘട്ടത്തിലും പരിശോധന നടത്താവുന്ന രീതിയിൽ വിതരണക്കാരുടെ നിർമ്മാണശാല യുടെ പരിശോധന നടത്തിയശേഷമാണ് കരാർ അനുവദിക്കുന്നത്. ശബരി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കു ന്നതിനായി ഒരു ഗുണനിലവാര പരിശോധന സംഘത്തെ നിയമിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഗുണനിലവാര പരിശോധനാ സംഘവും സപ്ലൈകോ ഹെഡ് ഓഫീസിലും ഡിപ്പോകളിലുമുള്ള ഗുണനിലവാര പരിശോധന സംഘവും വിൽപ്പനകേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും സാമ്പിളുകൾ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. |
| (ജി) | ഇതരസംസ്ഥാനങ്ങളിൽ നിന്ന് പായ്ക്ക് ചെയ്ത് വാങ്ങുന്ന സാധനങ്ങൾ സപ്ലൈകോ വഴി വിപണനം നടത്തുമ്പോൾ അവയുടെ ഗുണനിലവാരം ഇവിടെ പരിശോധിച്ച് ഭക്ഷ്യയോഗ്യമാണോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ജി) | കരാറുകാർ വിതരണത്തിനുമുൻപ് NABL ലാബുകളിൽ ശബരി ഉൽപ്പന്നങ്ങളുടെ പരിശോധന നടത്തുന്നതിനു പുറമേ, സപ്ലൈകോയുടെ ക്വാളിറ്റി വിഭാഗം ശബരി ഉൽപ്പന്നങ്ങൾ എല്ലാം തന്നെ കോന്നിയിലെ CFRD (Council for Food Research & Development) ലാബിൽ ഗുണനിലവാര പരിശോധന നടത്തി ഭക്ഷ്യയോഗ്യമാണോ എന്ന് ഉറപ്പ് വരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ